**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3180** — **07.02.2018-ൽ മറുപടിക്ക്**

## ആഴക്കടൽ മത്സ്യബന്ധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ<br>ശ്രീമതി. യു. പ്രതിഭ ഹരി<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>" വി.ജോയി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | തീരദേശ സംസ്ഥാനങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനായി കേന്ദ്ര സർക്കാർ സഹായം നൽകുന്നുണ്ടോ; സംസ്ഥാനത്തിന് നൽകിയ സഹായം എത്രയെന്ന് അറിയിക്കാമോ; | (എ) & (ബി) | കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമായ യാനങ്ങൾ ലഭ്യമാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധന പരിശീലനത്തിനുമായി 2016-17 ൽ 1575 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിലേയ്ക്ക് അനുമതിയ്ക്കായി നൽകിയിരുന്നുവെങ്കിലും ആയതിന് അനുമതി ലഭിച്ചിരുന്നില്ല. പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് 500 ആഴക്കടൽ ചൂണ്ട ബോട്ടുകൾ(long liners) അനുവദിക്കുന്നതിന് നടപ്പ സാമ്പത്തിക വർഷം '625' കോടി രൂപയുടെ പുതിയ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. |
| (ബി) | ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച് സംസ്ഥാനം കേന്ദ്ര സർക്കാരിനു സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമെന്നും അവയോട് കേന്ദ്രസർക്കാർ സ്വീകരിച്ച നിലപാട് എന്തെന്നും വ്യക്തമാക്കാമോ; | | |
| (സി) | കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ആഴക്കടൽ മത്സ്യബന്ധന നയം പരമ്പരാഗതരീതി അനുവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഹാനികരമാണെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. 28/04/2017ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയത്തിൽ പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ ആശങ്കയുണ്ടാക്കുന്ന നിരവധി കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാര പരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് പുനർ ക്രമീകരിക്കണമെന്നുള്ളതും മത്സ്യ ത്തൊഴിലാളി സഹകരണ സംഘങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കത്തക്ക വിധം നയരൂപീകരണം വേണമെന്നും മത്സ്യ മേഖലയ്ക്ക് കീഴിൽ ഒരു മന്ത്രാലയം വേണമെന്നുമുള്ള ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ പുതിയ മത്സ്യബന്ധനം നയത്തിൽ ഉൾപ്പെട്ടിട്ടില്ല. ആഴക്കടൽ മത്സ്യബന്ധനത്തിന് പി.പി.പി. മോഡൽ യൂണിറ്റുകളും വിദേശ സാങ്കേതിക വിദ്യയും പ്രോത്സാഹിപ്പിക്കണമെന്നതുമായ നിർദ്ദേശം ആശങ്കയ്ക്ക് ഇട നൽകുന്നു. |

| | | | |
|---|---|---|---|
| (ഡി) | മത്സ്യബന്ധന യാനങ്ങൾക്ക സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാനും മണ്ണെണ്ണ എൻജിനുകൾക്ക പകരം പെട്രോൾ എൻജിനുകൾ വ്യാപകമാക്കാനും സബ്സിഡിയോടെ പെട്രോൾ നൽകാനും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി സംസ്ഥാന സർക്കാർ സഹായത്തോടെ മത്സ്യഫെഡ് നടപ്പാക്കി വരുന്നു. ഇതു പ്രകാരം സംസ്ഥാനത്തെ 17388 മത്സ്യബന്ധന എഞ്ചിനുകൾക്ക് ലിറ്ററിന് 25/- രൂപ നിരക്കിൽ 10 എച്ച്.പി. വരെ 140 ലിറ്റർ, 15 എച്ച്. പി വരെ 150 ലിറ്റർ, 15 എച്ച്.പി. യ്ക്ക് മുകളിൽ 190 ലിറ്റർ എന്ന നിരക്കിൽ നൽകി വരുന്നു. ഇതു പ്രകാരം കഴിഞ്ഞ 3 വർഷങ്ങളിലായി ഇതുവരെ 33741.23 കിലോ ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്തിട്ടു ണ്ട്.<br><br>സബ്സിഡിയോട് കൂടി പെട്രോൾ നൽകുന്നതിന് പ്രത്യേക പദ്ധതി ഒന്നും നിലവിലില്ല.<br><br>മത്സ്യഫെഡ് നിലവിൽ പെട്രോൾ എഞ്ചിനുകൾ ഇറക്കുമതി ചെയ്ത് ഐ.എഫ്.ഡി.പി. പദ്ധതി പ്രകാരം 25% സബ്സിഡിയോട് കൂടി നൽകി വരുന്നു. പെട്രോൾ എഞ്ചിനുകൾക്ക് പ്രത്യേകമായി പ ദ്ധതിയൊന്നും നടപ്പിലാക്കി വരുന്നില്ല. |

സെക്ഷൻ ഓഫീസർ